**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2807** **06-10-2025 - ൽ മറുപടിയ്ക്ക്**

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നതിന് കേരള ബാങ്കിന് നിർദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ കേരള ബാങ്കിന്റെ അംഗസംഘങ്ങളാണ് . അതിനാൽ പ്രതിസന്ധി നേരിടുന്ന പ്രാഥമിക സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായി കേരള ബാങ്ക് തയ്യാറാക്കിയ പുനരുദ്ധാരണ പദ്ധതി, നബാർഡിന്റെ സജീവ പരിഗണനയിലാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ ഭരണകർത്താക്കൾക്ക് ഭരണ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നെഗറ്റീവ് നെറ്റ് വർത്തിൽ പ്രവർത്തിച്ചു വരുന്ന 600 സംഘങ്ങളിൽ നിന്നും 4 പേരെ വീതം 2400 പേർക്ക് ഘട്ടം ഘട്ടമായി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) മുഖേന വിദഗ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ കേരള ബാങ്ക് തീരുമാനിക്കുകയും 5 ബാച്ചുകളിലായി 138 സംഘങ്ങളിൽ നിന്നുള്ള 460 പേർക്ക് ഇതിനോടകം പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കേരള ബാങ്ക് തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പരിശീലന പദ്ധതിയ്ക്ക് ഉദ്ദേശം 1 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതും ആയത് കേരള ബാങ്കിന്റെ തനത് ഫണ്ടിൽ നിന്ന് നൽകി വരുന്നതുമാണ്. |
| (സി) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾ പലതും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ വിശദമാക്കാമോ? | (സി) | കോവിഡ്-19 രോഗ വ്യാപനവും തുടർന്നുള്ള സമ്പൂർണ്ണ അടച്ചിടലും കാരണം സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിലെ വായ്പാ തിരിച്ചടവിൽ വലിയ കുറവ് ഉണ്ടാകുകയും വായ്പാ കുടിശ്ശികയും വായ്പയിന്മേലുള്ള പലിശ കുടിശ്ശികയും |

| | | | |
|---|---|---|---|
| | | | വലിയ രീതിയിൽ വർദ്ധിക്കുകയും ചെയ്തു. ആയതുമൂലം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ പലതും നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഇപ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന സംഘങ്ങളെ സഹായിക്കുന്നതിനും സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ നവകേരളം കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി , നിക്ഷേപ സമാഹരണ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. നിക്ഷേപ ഗ്യാരണ്ടി സ്കീം പ്രകാരമുള്ള സെറ്റിൽമെന്റ് ഓഫ് ക്ലെയിം തുകയുടെ പരിധി 2 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം, അഴിമതി പോലുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തന രഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്നീ ലക്ഷ്യങ്ങളോടെ കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ